# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2207 17.02.2016 ൽ മറുപടിയ്ക്ക്

## ധാതുമണൽ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായങ്ങൾ

| *ചോദ്യം* | | *ഉത്തരം* | |
|---|---|---|---|
| | **ശ്രീ.കെ.അജിത്** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | ധാതുമണൽ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായങ്ങൾ ഏതൊക്കെയെന്നും ഇവിടെ എന്തെല്ലാം ഉത്പ്പന്നങ്ങളാണ് ഉത്പാദിപ്പിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) | പൊതുമേഖലാ സ്ഥാപനങ്ങളായ ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ്, കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, ഇൻഡ്യൻ റെയർ എർത്സ് ലിമിറ്റഡ് എന്നിവയും സ്വകാര്യ സ്ഥാപനമായ കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽസുമാണ് നിലവിൽ ധാതുമണൽ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ. ധാതുമണലിൽ നിന്നും ഇൽമനൈറ്റ്, റൂട്ടയിൽ, സിർക്കൺ, സിലിമനൈറ്റ്, ബ്രൗൺ ഇൽമനൈറ്റ്, (ലൂക്കോക്സിൻ), മോണോസൈറ്റ് എന്നിവ വേർതിരിച്ചെടുക്കുന്നു. ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ഇൽമനൈറ്റിൽ നിന്നും അനടൈസ് ഗ്രേഡ് ടൈറ്റാനിയം ഡൈ ഓക്സൈഡും, കേരള മിനറൽസ് ആന്റ് മെറ്റൽസ്, റൂട്ടൈൽ ഗ്രേഡ് ടൈറ്റാനിയം ഡൈ ഓക്സൈഡും ഉൽപാദിപ്പിക്കുന്നുണ്ട്. കൂടാതെ കെ.എം.എം.എൽ, ഇൽമനൈറ്റിൽ നിന്നും ടൈറ്റാനിയം സ്പോഞ്ചും ഉത്പാദിപ്പിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് ലഭ്യമായ ധാതുമണലിനെ അടിസ്ഥാനമാക്കി നിർമ്മിക്കുവാൻ കഴിയുന്ന മൂല്യ വർദ്ധിത ഉത്പന്നങ്ങളെ സംബന്ധിച്ച് ഏതെങ്കിലും ഗവേഷണം നടക്കുന്നുണ്ടോ എന്നും എങ്കിൽ ഏത് സ്ഥാപനമാണ് ഇതിനായി പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | കേരളത്തിൽ മെ. ഇന്ത്യൻ റെയർ എർത്ത്സും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ അറ്റോമിക് മിനറൽസ് ഡിവിഷനും, ധാതുമണലിനെ അടിസ്ഥാനമാക്കി നിർമ്മിക്കുവാൻ കഴിയുന്ന ഉൽപന്നങ്ങളെക്കുറിച്ച് ഗവേഷണം നടത്തുന്നുണ്ട്. കൂടാതെ ഡിഫൻസ് റിസർച്ച് & ഡെവലപ്മെന്റ് ഓർഗനൈസേഷന്റെ കീഴിലുള്ള ഡിഫൻസ് മെറ്റലർജിക്കൽ റിസർച്ച് ലബോറട്ടറിയും ഇൻഡ്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷനും ചേർന്ന് ടൈറ്റാനിയം സ്പോഞ്ച് വികസിപ്പിക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് നിന്നും ധാതു മണൽ കയറ്റി അയയ്ക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളിലേക്കാണ് ഇത് അയയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഇല്ല. |

**സെക്ഷൻ ഓഫീസർ**